Kozhikode centre.

19. Diseases transmitte ' by animals.
20. Role of Central Bank in the Economic Development of the country.
21. Atom (iii)
22. Foreign Aid and the Plan.
23. Impact of English on Malayalam Literature.
24 The Objective and Techniques of Planning in India.

(സി) മുകളിൽ പഠനസൗകര്യമില്ലാത്ത സാധാരണ ജനങ്ങൾക്ക് ഇത്തരത്തിലുള്ള പ്രസംഗപരമ്പര നടത്തുന്നതു് സഹായകമാകുമെന്നു് യുണിവേഴ്സിറ്റി വിശ്വസിക്കുന്നു.

ശ്രീ. പി. ഗോപാലൻ: ഈ പ്രസ്ഥാനത്തിനു് ഗവണ്മെൻറ് എന്തെല്ലാം സഹകരണം ചെയ്തുകൊടുക്കുന്നുണ്ടു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സഹകരണമൊന്നും ചെയ്തുകൊടുക്കണമെന്നു് ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടില്ല യുണിവേഴ്സിറ്റിയുടെ കീഴിലുള്ള പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറ് ഈ പ്രസംഗങ്ങളും അച്ചടിച്ചു വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടു്. അതിനു വല്ല സഹായവും ആവശ്യപ്പെടുമോ എന്നറിഞ്ഞുകൂടാ.

Shri P. T. Chacko: May I know who has spoken on Revolutionary Socialism?

Shri Joseph Mundassery: I am sorry I have not got the names of persons.

പോലീസ് സ്റ്റേഷനുകളിൽ വരുന്ന പരാതികൾ.

*1494. [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ വരുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി നടപടികളെടുക്കാൻ എന്തെങ്കിലും കാലപരിധി നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിൽപ്പെട്ട കളമശ്ശേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 1958-59-ലും, 59 മേയ് 5-ാംതു വരെയും എത്ര പരാതികൾ ലഭിച്ചു; അവയിൽ എത്രയെണ്ണം നടപടി നടത്തി;

(സി) ടി സ്റ്റേഷൻ അതിർത്തിയിൽ റോഡുകളുടെ ശല്യങ്ങൾ(ഇടപ്പള്ളി പോണേക്കോം, വെണ്ണല അതിർത്തികളിൽ) വർദ്ധിച്ചുവരുന്നതായി കിട്ടിയ പരാതികൾക്കു് എന്തു പരിഹാര നടപടികളുണ്ടെടുത്തു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) 67 പരാതികൾ ലഭിച്ചു. എല്ലാ പരാതികളിലും നടപടിയെടുത്തിട്ടുണ്ടു്.

(സി) പോലീസ് അക്കറനുസരിച്ചും ഗാംബ്ലിംഗ് അക്കറനുസരിച്ചും കുറെ കേസ്സുകൾ ചാർജ്ജു് ചെയ്തിട്ടുണ്ടു്. പോലീസ് പെട്രോൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ നടപടികളെല്ലാം എടുത്തിട്ടും റോഡുകളുടെ ശല്യം വർദ്ധിച്ചുവരികയാണെന്നു് പരാതിയുള്ളതായി അറിയാമോ?

Mr. Speaker: That question need not be answered.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: ഇതിൽ (ബി)-യും,(സി)-യും ചോദ്യങ്ങൾതന്നെ അതാണ്. സപ്ലൈവ്കമായി ഇത്തരം ലഭിക്കേണ്ടതാണ്.

ശ്രീ. സി. അച്യുതമേനോൻ: അതിനു ഞാൻ ഇത്തരം പറഞ്ഞുകഴിഞ്ഞു; പോലീസ് അക്രമസരിച്ചും ഗ്യാംബ്ലിംഗ് അക്രമസരിച്ചും കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും പോലീസ് പെട്രോൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും.

ശ്രീ. പി. ടി. ചാക്കോ: പഴയതിൽനിന്നും ഈ ശല്യം, കൂടിവരുന്നു എന്നറിയാമോ എന്നാണ് ചോദ്യം.

ശ്രീ. സി. അച്യുതമേനോൻ: അതിനെപ്പറ്റി പരാതി കിട്ടിയിട്ടില്ല.

ശ്രീ. സി. എ. മാത്യു: പോലീസ്മന്ത്രി നേരിട്ട് എറണാകുളത്തു പെട്രോൾ നടത്തി ചില കേസ്സുകൾ പിടിച്ചിട്ടും പരാതി കിട്ടിയിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. സി. അച്യുതമേനോൻ: മന്ത്രി പെട്രോൾ നടത്തിയതായി അറിവില്ല.

തൃശ്ശൂർ വാട്ടർസപ്ലൈ സ്കീം.

* 1495. [6] ശ്രീ. പി. ആർ. ഫ്രാൻസിസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ വാട്ടർസപ്ലൈ സ്കീമിന്റെ പണി എന്നുമുതൽ ആരംഭിച്ചു;

(ബി) ഈ സ്കീമിന്റെ പ്രവർത്തനം ഇപ്പോൾ എത്രത്തോളമായി;

(സി) പ്രവർത്തനം മുഴുമിച്ച് തൃശ്ശൂർനിവാസികൾക്ക് എന്നുമുതൽ വെള്ളം ലഭിക്കും?

ആരോഗ്യവകുപ്പുമന്ത്രി (ഡാ: എ. ആർ മേനോൻ):

(എ) 1955 മേയ്.

(ബി) പൈപ്പുകൾ ഇടുന്ന പ്രവൃത്തിയൊഴികെ മറ്റുള്ള ജോലികളെല്ലാം പൂർത്തിയായി. പൈപ്പുകൾ ഇടുന്ന ജോലിയുടെ മൂന്നിൽ രണ്ടുഭാഗം പൂർത്തിയായി.

(സി) 1960-ൽ കൊടുക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ്സ്: നാലുമാസംമുൻപു ഞാൻ ഈ ചോദ്യം ചോദിച്ചപ്പോൾ പൂരത്തിനു മുൻപു പണിതീരുമെന്നു പറഞ്ഞു. വെള്ളം കിട്ടാതെ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി അറിയാമോ?

ഡാ: എ. ആർ. മേനോൻ: ബുദ്ധിമുട്ടുണ്ടെന്നറിയാം. വെള്ളം അവിടെ എത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. വേണ്ടതു ചെയ്യുന്നുണ്ട്. അടുത്തകാലത്തു വെള്ളം കിട്ടും. തടസ്സമില്ല; സാമഗ്രികൾ കിട്ടുന്നില്ല. കൂടിയുള്ളതുകൂടി വെള്ളം കൊണ്ടുവരണം. ഇതെല്ലാം ശ്രദ്ധിച്ച് തൃശ്ശൂർ പൂരത്തിനുമുൻപു ജലം കൊടുക്കാൻ വളരെ ശ്രമം ചെയ്യുന്നുണ്ട്; കഴിയുന്നത്രവേഗം ജോലികൾ തീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എ. മാത്യു: അടുത്തകൊല്ലം തൃശ്ശൂർപൂരത്തിനുമുൻപു വെള്ളം കിട്ടുമോ?

ഡാ: എ. ആർ. മേനോൻ: ചിലപ്പോൾ സാധിച്ചേക്കും. വിചാരിക്കുന്ന കാര്യങ്ങളെല്ലാം അതുപോലെതന്നെ സാധിച്ചു എന്നുവരില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly